LIBRARY ARCHIVES Kerala Legislative Assembly

ചക്ക ഉത്പന്നങ്ങളുടെ നിർമ്മാണം

214 (5643) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വിപുലമായി ഉത്പാദിപ്പിക്കുന്ന പഴവർഗ്ഗമായ ചക്ക ഏറ്റെടുത്ത് പൊതു വിപണിയിൽ എത്തിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ;

(ബി) ചക്ക പ്രോസസ് ചെയ്ത് കേരളത്തിന് വെളിയിൽ വിൽക്കുന്നതിനു വേണ്ട സംവിധാനം ഉണ്ടാക്കുമോ ; അത്തരം സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുമോ ;

(സി) ചക്കയിൽ നിന്നും മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ആയ ചക്കപപ്പടം, ചക്കജാം തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണത്തിന് വേണ്ട പ്രോത്സാഹനങ്ങൾ നൽകുമോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

നിരോധിച്ച കെമിക്കൽസ് തോട്ടങ്ങളിൽ ഉപയോഗിക്കുന്നതിനെതിരെ നടപടി

215 (5644) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി നടത്തിയ പഠനത്തിൽ വിദേശ രാജ്യങ്ങളിൽ നിരോധിച്ച 'പാൻ ബാഡ് ആക്കൂർ' കെമിക്കൽസ് വാഴത്തോട്ടങ്ങളിലും, മാമ്പഴത്തോട്ടങ്ങളിലും, പൈനാപ്പിൾ തോട്ടങ്ങളിലും യാതൊരു വിവേചനവുമില്ലാതെ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയുടെ സാമ്പത്തിക ശാസ്ത്ര വിഭാഗം കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സഹായത്തോടെ കേരളത്തിലെ ഭക്ഷ്യവിളകളിലെ കീടനാശിനി പ്രയോഗത്തെ സംബന്ധിച്ച് 2006-2009 കാലയളവിൽ പഠനം നടത്തുകയുണ്ടായി. സാമൂഹ്യ ശാസ്ത്രത്തിലെ അംഗീകൃത രീതി ശാസ്ത്ര പ്രകാരം തെരഞ്ഞെടുക്കപ്പെട്ട കർഷകരിൽനിന്നും അഭിമുഖ രീതി അവലംബിച്ചുകൊണ്ട് ചില വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

(ബി) ഇന്ത്യയിലെ കീടനാശിനി ഉൽപ്പാദനവും വിതരണവും ഉപയോഗവും സംബന്ധിച്ച നയരൂപീകരണം നിക്ഷിപ്തമായിരിക്കുന്നത് കേന്ദ്ര സർക്കാരിനു കീഴിലുള്ള കീടനാശിനി ബോർഡിലാണ്. അതിൻപ്രകാരം ഇന്ന് നമ്മുടെ നാട്ടിൽ ഉപയോഗിക്കുന്ന പരാമർശ വിധേയമായ കീടനാശിനികൾ എല്ലാം നിരോധിക്കപ്പെട്ടവയല്ല. വീര്യം കുറഞ്ഞതും അത്യന്താപേക്ഷിതവുമായ കീടനാശിനികൾ മാത്രം ശാസ്ത്രീയമായ രീതിയിൽ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം നൽകിക്കൊണ്ടുള്ള ഒരു നയമാണ് കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. സംയോജിത കീടനിയന്ത്രണ രീതികളും ജൈവകൃഷിക്കും ജൈവകീടനാശിനികളും പരമാവധി പ്രോത്സാഹിപ്പിച്ച് അപകടകാരിയായ കീടനാശിനികളുടെ ഉപയോഗം കുറയ്ക്കാനും ശ്രമിച്ചുവരുന്നു.

സമഗ്ര കാർഷിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്

215 (5646) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. കെ. രാജു :
ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സമഗ്ര കാർഷിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ ഏതെല്ലാം തരത്തിലുള്ള പരിശീലനങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലനത്തിനായി കർഷകരെ തെരഞ്ഞെടുക്കുന്ന രീതി എങ്ങനെയാണെന്നു വെളിപ്പെടുത്തുമോ;

(ഡി) തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് എത്ര ദിവസത്തെ പരിശീലനമാണ് നൽകുന്നത് ; പരിശീലന കാലയളവിൽ കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സമഗ്ര കാർഷിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ "ATMA" (Agricultural Technology Management Agency) പദ്ധതിയുടെ കീഴിൽ സംസ്ഥാന കാർഷിക വിജ്ഞാന വ്യാപന പരിശീലന കേന്ദ്രം (State Agriculture Management and Extension Training Institute –SAMETI) ആരംഭിച്ചിട്ടുണ്ട്. ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം 23-1-2008-ൽ "SAMETI" രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് മാനവശേഷി വികസനം, മാനേജ്മെന്റ്, വിവരസാങ്കേതികവിദ്യ, വിജ്ഞാന വ്യാപനം, പാർട്ടിസിപ്പേറ്ററി ഡെവലപ്പ്മെന്റ്, പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ വിഷയങ്ങളിൽ പരിശീലനം നൽകി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly